LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ പുനലൂർ നിന്നും തെങ്കാശി വഴി മധുരയ്ക്കും, കോയമ്പത്തൂരിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഗാന്ധിറോഡ്-നടക്കാവ്-മെഡിക്കൽ കോളേജ് റൂട്ടിൽ ബസ്സ് സർവ്വീസ്

352 (2227) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഗാന്ധിറോഡ്-നടക്കാവ്-മെഡിക്കൽ കോളേജ് റൂട്ടിൽ ഓടിയിരുന്ന ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് നിവേദനം ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ഉത്തരം 'എ' -യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വെഞ്ഞാറമൂട്, പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ബസ്സുകൾ

353 (2228) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട്, പാലോട് എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിലവിലുള്ള മൊത്തം ഷെഡ്യൂളുകളുടെ ലിസ്റ്റ് നല്കാമോ ;

(ബി) വെഞ്ഞാറമൂട്, പാലോട് ഡിപ്പോകളിലെ മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ ബസ്സുകളുടെ എണ്ണം സംബന്ധിച്ച വിവരം അറിയിക്കുമോ ;

(സി) നിലവിൽ ഈ ഡിപ്പോകളിൽ എത്ര ബസ്സുകൾ വീതമാണ് ഉള്ളത് ;

(ഡി) പ്രസ്തുത ഡിപ്പോകളിലെ പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകളുടെ എണ്ണം എത്രയാണ് ;

(ഇ) ഈ സർക്കാർ നാളിതുവരെ പ്രസ്തുത ഡിപ്പോകൾക്കായി എത്ര പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) ഈ ഡിപ്പോകൾക്കായി കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുമോ ; ഓരോന്നിനും എത്ര ബസ്സ് വീതം നൽകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വെഞ്ഞാറമൂട് ഡിപ്പോയിൽ 62 ഷെഡ്യൂളുകളും, പാലോട് ഡിപ്പോയിൽ 40 ഷെഡ്യൂളുകളുമാണുള്ളത്. ഷെഡ്യൂളിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2 ഫാസ്റ്റ്, 16 സിറ്റി ഫാസ്റ്റ്, 44 ഓർഡിനറി എന്നിങ്ങനെ 62 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസുകൾ ഉൾപ്പെടെ 68 ബസുകൾ ആവശ്യമുണ്ട്. പാലോട് ഡിപ്പോയിൽ 7 ഫാസ്റ്റ്, 33 ഓർഡിനറി എന്നിങ്ങനെ 40 ഷെഡ്യൂളുകളാണ് നിലവിലുള്ളത്. മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 44 ബസ്സുകൾ സ്പെയർ ബസ് ഉൾപ്പെടെ ആവശ്യമുണ്ട്.

(സി) വെഞ്ഞാറമൂട് ഡിപ്പോയിൽ 9 JnNURM ബസ്സുകൾ ഉൾപ്പെടെ 52 ബസ്സുകൾ ഉണ്ട്. പാലോട് ഡിപ്പോയിൽ 3 Jn NURM ബസ്സുകൾ ഉൾപ്പെടെ 37 ബസ്സുകൾ ഉണ്ട്.

(ഡി) വെഞ്ഞാറമൂട് ഡിപ്പോയിൽ 2-12-2014-ൽ ഏഴ ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു. പാലോട് ഡിപ്പോയിൽ 2-12-2014-ൽ നാല് ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടിട്ടുണ്ടായിരുന്നു.

(ഇ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് 7 പുതിയ ബസ്സുകളും പാലോട് ഡിപ്പോയ്ക്ക് 6 പുതിയ ബസ്സുകളും നൽകിയിട്ടുണ്ട്.

(എഫ്) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡപകടങ്ങൾ പെരുകുന്നത് തടയുവാൻ നടപടി

354 (2229) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly